(ബി) കമ്മീഷൻ ശുപാർശ ഗവൺമെൻറ് അംഗീകരിച്ചശേഷം പാർട്ട്ടൈം കണ്ടിജൻറ് ജീവനക്കാരുടെ ശമ്പളം ഗവൺമെൻറ്വെട്ടിക്കുറച്ചു കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കാമോ ;

(ഡി) ഈ പ്രശ്നം പരിഹരിക്കാൻ ഗവൺമെൻറ് നടപടി സ്വീകരിക്കുമോ ?

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. തച്ചടി പ്രഭാകരൻ) :

(എ) നാലാം ശമ്പള കമ്മീഷന്റെ ശുപാർശ അനുസരിച്ച് പാർട്ട്ടൈം കണ്ടിജൻറ് ജീവനക്കാരുടെ ശമ്പളം 1-7-1983 മുതൽ താഴെ പറയുംവിധം പുനർനിർണ്ണയം ചെയ്തു.

		ശമ്പളം രൂപ	ഡി. എ. രൂപ
1.	200 ചതുരശ്ര മീറ്ററിൽ താഴെ സ്ഥലം വൃത്തിയാക്കേണ്ട പാർട്ട്ടൈം സ്വീപ്പർ/ ക്ലീനർ	225	4
2.	200 ചതുരശ്ര മീറ്ററും അതിൽ കൂടുതലും സ്ഥലം വൃത്തിയാക്കേണ്ട പാർട്ട് ടൈം സ്വീപ്പർ/ക്ലീനർ	283	5

(ബി) ശമ്പളം വെട്ടിക്കുറച്ചിട്ടില്ല. പക്ഷെ ഭാഗീകമായി ചില മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്.

(സി) ശമ്പളത്തിൽ കുറവു വരുത്തണമെന്ന് ഗവൺമെൻറിന് ഉദ്ദേശമില്ലായിരുന്നു. വൃത്തിയാക്കേണ്ട സ്ഥല വിസ്തീർണ്ണം നിജപ്പെടുത്തിയപ്പോൾ ചില ഓഫീസുകളിൽ പാർട്ട്ടൈംകാരുടെ ശമ്പളം കുറയാൻ ഇടയായി.

(ഡി) ആർക്കും ശമ്പളത്തിൽ കുറവു വരുത്തവിധത്തിൽ അപാകതകൾ പരിഹരിക്കാനുള്ള നിർദ്ദേശം ഗവൺമെൻറിന്റെ സജീവ പരിഗണനയിലുണ്ട്.

(iii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളും ഉത്തരങ്ങളും

കേന്ദ്രത്തിൽനിന്നും ലഭിച്ച മണ്ണെണ്ണ

973. [1421] ശ്രീ. കെ. ജെ. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ :

(എ) കേന്ദ്രസർക്കാരിൽനിന്നും നമ്മുടെ സംസ്ഥാനത്തിന് മാസത്തിൽ എത്ര മണ്ണെണ്ണ ലഭിക്കുന്നുണ്ട് ;

(ബി) ഇപ്പോൾ കിട്ടിക്കൊണ്ടിരിക്കുന്ന മണ്ണെണ്ണ സംസ്ഥാനത്തിന്റെ ആവശ്യത്തിന് മതിയാകുന്നുണ്ടോ ;

(സി) ഇല്ലെങ്കിൽ അത് കൂട്ടിക്കിട്ടുന്നതിന് എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഇപ്പോൾ കിട്ടിക്കൊണ്ടിരിക്കുന്ന മണ്ണെണ്ണ ജില്ലതിരിച്ച് വീതിക്കുന്നത് എന്ത് മാനദണ്ഡമനുസരിച്ചാണ് ;

(ഇ) ഓരോ ജില്ലയ്ക്കും കൊടുക്കുന്നത് എത്രയാണെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഒരു മാസത്തിൽ ശരാശരി 16321 ടൺ മണ്ണെണ്ണ കേന്ദ്രം ഈ സംസ്ഥാനത്തിന് നൽകുന്നുണ്ട്.

(ബി) ഇപ്പോൾ കേന്ദ്രത്തിൽനിന്നും ലഭിച്ചുകൊണ്ടിരിക്കുന്ന മണ്ണെണ്ണ സംസ്ഥാനത്തിന്റെ മുഴുവൻ ആവശ്യത്തിനും തികയുന്നില്ല.

(സി) കേന്ദ്ര പെട്രോളിയം വകുപ്പിൻമേൽ നടത്തിയ നിരന്തരമായ സമ്മർദ്ദംമൂലം മണ്ണെണ്ണയുടെ സംസ്ഥാനത്തിനുവേണ്ടിയുള്ള അലോട്ടുമെൻറ് 1986 നവംബർ മുതൽ 1987 ഫെബ്രുവരി വരെയുള്ള മാസങ്ങളിലേക്ക് പ്രതിമാസം 19312 മെട്രിക് ടൺ ആയി വർദ്ധിപ്പിച്ചിട്ടുണ്ട് ;

(ഡി) ഓരോ ജില്ലകളിലും നിലവിലുള്ള റേഷൻ കാർഡുകളുടെയും മണ്ണെണ്ണ പെർമിറുകളുടെയും അടിസ്ഥാനത്തിലാണ് ജില്ലകൾക്കുള്ള മണ്ണെണ്ണ വിഹിതം നിശ്ചയിക്കുന്നത്.

(ഇ) മണ്ണെണ്ണയുടെ അലോട്ടുമെൻറ് അനുസരിച്ചാണ് ജില്ലകൾക്കുള്ള വിഹിതം നിശ്ചയിക്കുന്നത്. അലോട്ടുമെൻറിന്റെ വ്യത്യാസം അനുസരിച്ച് ജില്ലകൾക്കുള്ള വിഹിതത്തിലും ഏറ്റക്കുറച്ചിലുകൾ ഉണ്ടാകാറുണ്ട്. ഒക്ടോബർ മാസത്തിൽ ഓരോ ജില്ലക്കും അനുവദിച്ച മണ്ണെണ്ണയുടെ അളവ് താഴെ ചേർക്കുന്നു :

	കി. ലി.
തിരുവനന്തപുരം	2835
കൊല്ലം	1714
പത്തനംതിട്ട	760
ആലപ്പുഴ	1904
കോട്ടയം	1310
എറണാകുളം	2412
ഇടുക്കി	740
പാലക്കാട്	1860
തൃശ്ശൂർ	2156
മലപ്പുറം	1855
കോഴിക്കോട്	1931
വയനാട്	542
കണ്ണൂർ	1290
കാസർഗോട്	740

തൃശ്ശൂർ ജില്ലയിലെ റേഷൻ മണ്ണെണ്ണ വിതരണം

974 [1422] ശ്രീ. കെ. ജെ. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ക്ഷേമവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൃശ്ശൂർ ജില്ലയിൽ റേഷൻ ആവശ്യത്തിന് എത്ര മണ്ണെണ്ണയാണ് ഒരു മാസത്തിൽ നൽകുന്നതെന്ന് പറയാമോ ;

(ബി) ഈ ജില്ലയിൽ ആവശ്യത്തിനുവേണ്ട മണ്ണെണ്ണ കിട്ടുന്നില്ലെന്ന പരാതി ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly